"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം ജില്ലയിലെ വിവിധ പാടശേഖരങ്ങൾക്ക് പെട്ടി-പറയ്ക്ക് പകരം ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.506/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ 4.30 നമ്പർ തീരുമാനം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വിവിധ പാടശേഖരങ്ങൾക്ക് പെട്ടി പറ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരുന്നു. പെട്ടി പറയ്ക്കു പകരം ജില്ലാ പഞ്ചായത്ത് മുഖേന ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നത് സംബന്ധിച്ച ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കിയത് സർക്കാർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , കോട്ടയം ജില്ലയിലെ വിവിധ പാടശേഖരങ്ങൾക്ക് പെട്ടി-പറയ്ക്ക് പകരം ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 04-03-2022 15:00:48

സെക്ഷൻ ഓഫീസർ